**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4681** **13-03-2023 - ൽ മറുപടിയ്ക്ക്**

**സ്വാഭാവിക വനങ്ങളായി പുന:സ്ഥാപനം നടത്തുന്നതിന് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. എം. മണി,<br>ശ്രീ. പി. വി. അൻവർ,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ ജി സ്റ്റീഫൻ** | | **ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | പരിസ്ഥിതിയ്ക്കും ആവാസ വ്യവസ്ഥയ്ക്കും ദോഷകരമായ അക്കേഷ്യ, യൂക്കാലിപ്റ്റസ്, വാറ്റിൽ തുടങ്ങിയ മരങ്ങൾ ഘട്ടം ഘട്ടമായി നീക്കം ചെയ്ത് അത്തരം പ്രദേശങ്ങൾ സ്വാഭാവിക വനങ്ങളായി പുന:സ്ഥാപിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | സ.ഉ. (കൈ) നം. 29/2021/വനം തീയതി 17.12.2021 പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ള കേരളത്തിലെ സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനം സംബന്ധിച്ച നയരേഖയിൽ വ്യാവസായിക ആവശ്യങ്ങൾക്ക് വേണ്ടി കേരളത്തിലെ സ്വാഭാവിക വനങ്ങൾ വെട്ടിതെളിച്ച് വെച്ചുപിടിപ്പിച്ചതും, പരിസ്ഥിതിക്കും ആവാസ വ്യവസ്ഥക്കും ദോഷകരമാണെന്ന് പിന്നീട് കണ്ടെത്തിയതും, കാലിക പ്രാധാന്യം നഷ്ടപ്പെട്ടതുമായ അക്കേഷ്യ, യൂക്കാലിപ്റ്റസ്, വാറ്റിൽ തുടങ്ങിയ വിദേശ ഏകവിള തോട്ടങ്ങൾ ഘട്ടം ഘട്ടമായി നീക്കം ചെയ്ത് അവയെ സ്വാഭാവിക വനങ്ങളായി പുനഃസ്ഥാപനം നടത്തുവാനും വനത്തിന്റെ ആവാസ വ്യവസ്ഥയെ അത്യധികം പ്രതികൂലമായി ബാധിക്കുന്ന സെന്ന, ലെൻറാന, മൈക്കേനിയ തുടങ്ങിയ കളസസ്യങ്ങളെ യുദ്ധകാലാടിസ്ഥാനത്തിൽ നീക്കം ചെയ്ത് സ്വാഭാവികമായി കാണപ്പെടുന്ന തദ്ദേശ ഇനം സസ്യങ്ങളുടെ വളർച്ചയെ ത്വരിതപ്പെടുത്തുന്ന മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങളും വിഭാവനം ചെയ്തിട്ടുണ്ട്. കേരള തുടർച്ചയായി നേരിടുന്ന പ്രകൃതി ദുരന്തങ്ങളുടെയും വർദ്ധിച്ചു വരുന്ന മനുഷ്യ വന്യജീവി സംഘർഷത്തിന്റെയും പശ്ചാത്തലത്തിൽ ഇത് പ്രാധാന്യം അർഹിക്കുന്നു. ഉദ്ദേശം 27,000 ഹെക്ടർ സ്ഥലത്ത് നടത്തേണ്ട ഈ ബൃഹദ് പദ്ധതി രണ്ട് പതിറ്റാണ്ടുകൊണ്ട് പൂർത്തീകരിക്കാനാണ് നയരേഖയിൽ ഉദ്ദേശിച്ചിട്ടുള്ളത്. ടി പദ്ധതിയുടെ ഭാഗമായി ഇതുവരെ ഉദ്ദേശം 965 ഹെക്ടർ വനഭൂമിയിൽ സ്വാഭാവിക വനപുനഃസ്ഥാപന പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുള്ളതും, ഉദ്ദേശം 2872 ഹെക്ടർ സ്ഥലത്ത് സ്വാഭാവിക വനപുനഃസ്ഥാപന |

| | | | |
|---|---|---|---|
| | | | പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നതാണ്. കൂടാതെ പുഴകളുടെ തീരങ്ങളിൽ ഉദ്ദേശം 28600 എണ്ണം വിവിധ ഇനത്തിൽപ്പെട്ട തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്. |
| (ബി) | സർക്കാർ ഉടമസ്ഥതയിലുള്ള പരാജയപ്പെട്ട തേക്ക് തോട്ടങ്ങൾ സ്വാഭാവിക വനങ്ങളാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | അനുയോജ്യമല്ലാത്ത കാലാവസ്ഥയിൽ മണ്ണിന്റെ ഫലഭൂയിഷ്ഠിക്കുറവ് മൂലം പാടെ പരാജയപ്പെട്ടതോ, വളർച്ച മുരടിച്ചതോ, വന്യജീവി വഴിത്താരകളിലുള്ളതോ, പ്രകൃതി ദുരന്ത സാധ്യത പ്രദേശങ്ങളിലുള്ളതോ, നദീതടങ്ങളിലുള്ളതോ ആയ സർക്കാർ ഉടമസ്ഥതയിലുള്ള തേക്ക് തോട്ടങ്ങൾ മണ്ണ്-ജല സംരക്ഷണം ലക്ഷ്യമാക്കി സ്വാഭാവിക വനങ്ങളാക്കി മാറ്റുമെന്ന് സ.ഉ. (കൈ) നം. 29/2021/ വനം തീയതി 17.12.2021 പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ള കേരളത്തിലെ സ്വാഭാവിക വനപുനഃസ്ഥാപന നയരേഖയിൽ വിഭാവനം ചെയ്തിട്ടുണ്ട്. |
| (സി) | ആവാസ വ്യവസ്ഥക്ക് അനുയോജ്യമല്ലാത്തതും ജൈവവൈവിധ്യത്തിന് ഭീക്ഷണിയായി മാറിക്കൊണ്ടിരിക്കുന്നതുമായ സസ്യങ്ങളെയും ആഫ്രിക്കൻ ഒച്ച്, ആഫ്രിക്കൻ മുഷി തുടങ്ങിയ ജീവികളെയും വനങ്ങളിൽ നിന്നും മറ്റ് ആവാസ വ്യവസ്ഥകളിൽ നിന്നും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (സി) | ജൈവ വൈവിധ്യത്തിന് ഭീഷണിയായി മാറിക്കൊണ്ടിരിക്കുന്ന ലാൻറാന,മൈക്കീനിയ, സെന്ന തുടങ്ങിയ നമ്മുടെ ആവാസ വ്യവസ്ഥയ്ക്ക് അനുയോജ്യമല്ലാത്ത സസ്യങ്ങളെയും ആഫ്രിക്കൻ ഒച്ച്, ആഫ്രിക്കൻ മുഷി തുടങ്ങിയ ജീവികളെയും വനങ്ങളിൽ നിന്നും മറ്റ് ആവാസ വ്യവസ്ഥകളിൽ നിന്നും ഒഴിവാക്കുന്നതിന് തദ്ദേശീയ ജീവജാലങ്ങളുടെ നിലനിൽപ്പ് ഉറപ്പാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമെന്ന് സ.ഉ. (കൈ) നം. 29/2021/വനം തീയതി 17.12.2021 പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ള കേരളത്തിലെ സ്വാഭാവിക വനപുനഃസ്ഥാപന നയരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. |
| (ഡി) | പങ്കാളിത്ത വനപരിപാലനത്തിന്റെയും വനാവകാശ നിയമത്തിന്റെയും സാധ്യതകൾ ഉപയോഗിച്ച് തടിയിതര വനവിഭവങ്ങളുടെ സുസ്ഥിരമായ ശേഖരണവും മൂല്യവർദ്ധനവും വിപണനവും ഗോത്ര വിഭാഗങ്ങളിൽപ്പെട്ടവരുടെ സഹകരണത്തോടെ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | വനത്തെ ആശ്രയിച്ച് ജീവിക്കുന്ന ആദിവാസി വിഭാഗങ്ങളുടെ ഉന്നമനത്തിനായും, ഉപജീവനമാർഗ്ഗങ്ങൾ സൃഷ്ടിക്കുന്നതിനായും വനസംരക്ഷണ/വനവൽക്കരണ പ്രവർത്തനങ്ങളിൽ അവരുടെ പങ്കാളിത്തം ഉറപ്പാക്കുകയും, തടിയിതര വനവിഭവങ്ങളുടെ സുസ്ഥിരമായ ശേഖരണവും മൂല്യവർദ്ധനവും, വിപണനവും ആദിവാസി വിഭാഗങ്ങളുടെ സഹകരണത്തോടുകൂടി നടപ്പിലാക്കുകയും പങ്കാളിത്ത വനപരിപാലനത്തിന്റെയും വനാവകാശ നിയമത്തിന്റെയും സാദ്ധ്യതകൾ ഇതിനായി ഉപയോഗപ്പെടുത്തി വനാശ്രിത ആദിവാസി സമൂഹത്തിന് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്നും സ.ഉ. (കൈ) നം. 29/2021/വനം തീയതി 17.12.2021 പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ള കേരളത്തിലെ സ്വാഭാവിക |

| | | | |
|---|---|---|---|
| | | | വനപുനഃസ്ഥാപന നയരേഖയിൽ വിഭാവനം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ